ഉത്തരം

(എ) 1994 മുതൽ 5015 പേർ വിരമിച്ചിട്ടുണ്ട്.

(ബി) 12,816.90 ലക്ഷം രൂപ.

(സി) വോളന്ററി റിട്ടയർമെന്റ് പദ്ധതി നടപ്പാക്കിയ ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആന്റ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ നഷ്ടം കുറഞ്ഞിട്ടുണ്ട്.

സംസ്ഥാനത്ത് വ്യവസായങ്ങൾ സ്ഥാപിക്കാൻ വിദേശികൾ നിക്ഷേപിച്ച തുക

32 [1237] ശ്രീ. കെ. എ. ചന്ദ്രൻ :

,, ജി. പ്രതാപവർമ്മ തമ്പാൻ :

ശ്രീമതി മാലേത്ത് സരളാദേവി :

ശ്രീ. ഡി. സുഗതൻ :

,, സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2001 മേയ് മുതൽ ഇതുവരെ എത്ര വിദേശികൾ സംസ്ഥാനത്ത് വ്യവസായങ്ങൾ സ്ഥാപിക്കുന്നതിനുവേണ്ടി നിക്ഷേപം നടത്തിയിട്ടുണ്ട്;

(ബി) എന്തു തുകയുടെ നിക്ഷേപം ഇവർ ഇക്കാലത്ത് നടത്തിയിട്ടുണ്ട് ;

(സി) പ്രസ്തുത നിക്ഷേപം വഴി എത്ര പേർക്ക് തൊഴിൽ ലഭിക്കും;

(ഡി) കൂടുതൽ വിദേശ നിക്ഷേപകരെ ആകർഷിക്കുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ, ബി, ആന്റ് സി) കുമരകം ലേക്ക് റിസോർട്ട്സിലും എറണാകുളം റുബെക് ബലൂൺസിലുമായി ഈ കാലയളവിൽ യഥാക്രമം 20 കോടിയുടെയും 1 കോടിയുടേയും വിദേശ നിക്ഷേപം നടത്തിയിട്ടുണ്ട്. 269 പേർക്ക് ഇതിൻപ്രകാരം തൊഴിൽ ലഭ്യമായിട്ടുണ്ട്. ഇതിനുപുറമേ കേന്ദ്ര സർക്കാരിന്റെ സെക്രട്ടേറിയറ്റ് ഫോർ ഇൻഡസ്ട്രിയൽ അസിസ്റ്റൻസ് വഴി 2001 ജൂലായ് മുതൽ 2004 ജൂലായ് വരെ കേരളത്തിൽ വിദേശ നിക്ഷേപത്തിന് ഏകേശം 352 കോടി രൂപയുടെ നിക്ഷേപത്തിന് അനുമതി നൽകിയിട്ടുണ്ട്.

(ഡി) വിദേശ നിക്ഷേപകരെ ആകർഷിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു †.

† അനുബന്ധം V.

LIBRARY ARCHIVES Kerala Legislative Assembly

കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷന്റെ വായ്പ തുക

33 [1238] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരളാ സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡവലപ്മെന്റ് കോർപ്പറേഷൻ വിവിധ വാണിജ്യ ബാങ്കുകൾക്ക് നൽകാനുള്ള തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ബി) ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി (ഒ. റ്റി. എസ്.) പ്രകാരം ഈ തുക കൊടുത്തു തീർക്കാൻ സർക്കാർ തലത്തിൽ തീരുമാനമായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) 254.67 കോടി രൂപ

(ബി, സി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല. നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്.

ടെൽക്കിന്റെ ഓഹരി കൈമാറ്റം

34 [1239] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെയായി ടെൽക്കിന് സാമ്പത്തികസഹായം അനുവദിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) ടെൽക്കിന്റെ ഓഹരികൾ സ്വകാര്യ കമ്പനിക്ക് കൈമാറുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ;

(സി) ഉണ്ടെങ്കിൽ ഏത് കമ്പനിക്ക് എത്ര ശതമാനം ഓഹരികളാണ് കൈമാറാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ;

(ഡി) രാജ്യത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങൾ സ്വകാര്യമേഖലയ്ക്ക് കൈമാറുകയില്ല എന്ന തത്വത്തിന്റെ അടിസ്ഥാനത്തിൽ ടെൽക്കിന്റെ ഓഹരി കൈമാറ്റം നിർത്തിവയ്ക്കാൻ തയ്യാറാകുമോ ?

ഉത്തരം

(എ) 2001-02-ൽ 24.60 ലക്ഷം രൂപയും 2003-04-ൽ വി. ആർ. എസ്. നടപ്പാക്കുന്നതിനായി 75 ലക്ഷം രൂപയും നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം V

[28-2-2005-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 32 (1237)-ന്റെ ഉത്തരം ദയവായി കാണുക]

വിദേശ നിക്ഷേപം ആകർഷിക്കുവാൻ വേണ്ടി 2001 മേയ് മാസം മുതൽ സർക്കാർ എടുത്തിട്ടുള്ള നടപടികൾ

1. ഈ സർക്കാർ അധികാരമേറ്റയുടൻ തന്നെ പുതിയ വ്യവസായ നയം, തൊഴിൽ നയം, ജൈവ സാങ്കേതിക നയം, വിവര സാങ്കേതിക നയം എന്നിവ പ്രഖ്യാപിച്ചു.

2. പ്രവാസി മലയാളികളുടെ കാര്യങ്ങൾ ശ്രദ്ധിക്കുവാനായി രൂപീകൃതമായിരുന്ന നോർക്കാ വകുപ്പ് പ്രത്യേകമായി ഒരു മന്ത്രിയുടെ ചുമതലയിലാക്കി. സമവായം 2001 വിപുലമായ തോതിൽ കെ.എസ്.ഐ.ഡി.സി.-യുടെ സഹകരണത്തോടെ സംഘടിപ്പിച്ചു.

3. കേരളത്തിൽ ഇദംപ്രഥമമായി ആഗോള നിക്ഷേപക സംഗമം സംഘടിപ്പിച്ചു. വിദേശ കമ്പനികളുടേതുൾപ്പെടെ ഏതാണ്ട് 26,000 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചു.

4. പ്രതിപക്ഷ കക്ഷികളിൽപ്പെട്ടവരെയുമുൾപ്പെടുത്തിക്കൊണ്ട് ചൈനയിലും മറ്റ് ദക്ഷിണേഷ്യൻ രാഷ്ട്രങ്ങളിലും മന്ത്രിതലസംഘം പര്യടനം നടത്തി കേരളത്തിന്റെ സാദ്ധ്യതകളെപ്പറ്റി പ്രചരണം നടത്തി.

5. വിദേശത്തെ പ്രമുഖ കമ്പനികളെ ആകർഷിക്കുന്നതിലേക്ക് അമേരിക്ക, ജർമനി, ഇറ്റലി തുടങ്ങിയ രാജ്യങ്ങളിൽ വ്യവസായികളുടെ യോഗങ്ങളും റോഡ്ഷോകളും സംഘടിപ്പിച്ചു.

6. വൻകിട പദ്ധതികൾക്ക് എസ്കോർട്ട് സേവനങ്ങൾ വാഗ്ദാനം ചെയ്തു.

7. ഏകജാലക സംവിധാനം ശക്തിപ്പെടുത്തി.

8. നിക്ഷേപ പ്രോത്സാഹന ബോർഡ് (IPB) രൂപീകരിക്കുകയും കെ.എസ്.ഐ.ഡി.സി.-യെ അതിന്റെ സെക്രട്ടറിയേറ്റായി പ്രഖ്യാപിക്കുകയും ചെയ്തു.

LIBRARY ARCHIVES Kerala Legislative Assembly